**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1764** **05-07-2022 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീമതി.ഉമ തോമസ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എൻഡോസൾഫാൻ ഇരകൾക്ക് 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകണമെന്ന സുപ്രീം കോടതിയുടെ 2017 -ലെ ഉത്തരവ് നാളിതുവരെ നടപ്പിലാക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ അനർഹർ കടന്നുകൂടിയതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് തല അന്വേഷണത്തിന്റെ ഭാഗമായാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടത്. എന്നാൽ ഇപ്പോൾ ഓൺലൈൻ പോർട്ടൽ മുഖേന ധനസഹായ വിതരണം ദ്രുതഗതിയിൽ നടന്നുവരുന്നു. |
| (ബി) | മൂവായിരത്തി എഴുന്നൂറോളം എൻഡോസൾഫാൻ ഇരകൾക്ക് 5 ലക്ഷം രൂപ വീതം നൽകുവാൻ സുപ്രീം കോടതി നിർദേശിച്ചിട്ടും നാളിതുവരെ എട്ട് പേർക്ക് മാത്രം നഷ്ടപരിഹാരം നല്കുവാനുണ്ടായ കാരണം വിശദമാക്കാമോ; | (ബി) | ബഹു. സുപ്രീംകോടതിയുടെ വിധിന്യായം നടപ്പിലാക്കി നാളിതുവരെ 1758 പേർക്ക് 68,35,50,000/- രൂപ (അറുപത്തിയെട്ട് കോടി മുപ്പത്തഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകി കഴിഞ്ഞു. |
| (സി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും അർഹതപ്പെട്ട സഹായം അടിയന്തരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും അർഹതാ പരിശോധനയ്ക്ക് വിധേയമായി അടിയന്തരമായി ധനസഹായം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ഓൺലൈൻ പോർട്ടൽ തയ്യാറാക്കുകയും നാളിതുവരെ 1758 പേർക്ക് ധനസഹായം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 15.03.2022 ലെ സ.ഉ. (സാധാ) നം. 1877/2022/ധന നമ്പർ ഉത്തരവ് പ്രകാരം, ദുരിതബാധിതരായ എല്ലാവർക്കും നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കായി 200 കോടി രൂപയുടെ അധികധനാനുമതി ലഭിയ്ക്കുകയും ; നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യരായ വ്യക്തികളെ ജില്ലാ കളക്ടർ കണ്ടെത്തുന്ന മുറയ്ക്ക് 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് 24.03.2022 ലെ സ.ഉ. |

| | | | |
|---|---|---|---|
| | | | (കൈ) 4/2022/സാനീവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ